**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1355** **19-06-2024 - ൽ മറുപടിയ്ക്ക്**

**പൈതൃക ടൂറിസത്തിന്റെ പ്രാധാന്യം വർദ്ധിപ്പിക്കാൻ നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വിനോദസഞ്ചാര മേഖലകളിൽ പൈതൃക ടൂറിസത്തിന്റെ പ്രാധാന്യം മനസ്സിലാക്കി സംസ്ഥാനത്തൊട്ടാകെ ഈ മേഖലയിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്നും ഓരോ പദ്ധതിക്കുമായി ചെലവഴിക്കുന്ന തുക എത്രയെന്നും ഓരോ പദ്ധതിയുടെയും വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ; | (എ) | വിനോദസഞ്ചാര മേഖലകളിൽ പൈതൃക ടൂറിസത്തിന്റെ പ്രാധാന്യം മനസ്സിലാക്കി സംസ്ഥാനത്തൊട്ടാകെ ആലപ്പുഴ ഹെറിറ്റേജ് പദ്ധതി, മുസിരിസ് ഹെറിറ്റേജ്, തലശ്ശേരി ഹെറിറ്റേജ് പദ്ധതി, ട്രാവൻകൂർ ഹെറിറ്റേജ് പദ്ധതി എന്നീ ഹെറിറ്റേജ് പദ്ധതികളിൽ ഉൾപ്പെടുത്തി കേരളത്തിലെ പൈതൃക ആരാധനാലയങ്ങളുടെ വികസനത്തിനും സന്ദർശന സൗകര്യങ്ങൾക്കുമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഓരോ പദ്ധതിയും, അവയുടെ വിശദാംശങ്ങളും **അനുബന്ധമായി** ചേർക്കുന്നു. |
| (ബി) | ആലപ്പുഴയിൽ നടപ്പാക്കുന്ന ആലപ്പുഴ പൈതൃക പദ്ധതിയിൽ എന്തൊക്കെ വികസന പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; പദ്ധതിയുടെ വിശദാംശങ്ങളും തുകയും ഇതേവരെ നടത്തിയ പ്രവർത്തനങ്ങളും എന്തൊക്കെ എന്ന് വിശദമാക്കാമോ; | (ബി) | ആലപ്പുഴയിൽ നടപ്പാക്കുന്ന ആലപ്പുഴ പൈതൃക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വികസന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**യാൺ മ്യൂസിയം**<br><br>ഭരണാനുമതി തുക 5,42,75,000- രൂപ.<br><br>കേരളത്തിലെ പ്രധാനപ്പെട്ട ജൈവ നൂലുൽപാദനം, കയർ സൊസൈറ്റികളുടെ വിശദാംശങ്ങൾ, കയറിന്റെ ചരിത്രവും കയർ സംബന്ധിയായി ഉള്ള സാഹിത്യ കൃതികൾ എന്നിവയും വിശദീകരിക്കുന്ന ഗ്യാലറിയും ആക്ടിവിറ്റി സെന്ററും ഉൾക്കൊള്ളുന്ന കയർഫെഡ് കെട്ടിടത്തിൽ പ്രവർത്തികൾ പുരോഗമിക്കുന്ന യാൺ മ്യൂസിയത്തിന്റെ 90% വർക്കുകൾ പൂർത്തികരിച്ചിട്ടുണ്ട്.<br><br>**മ്യൂസിയം ഓഫ് കയർ ഹിസ്റ്ററി** ഭരണാനുമതി തുക 9,68,31,000/ രൂപ.<br><br>ആലപ്പുഴയിലെയും ലോകമെമ്പാടുമുള്ള കയർ വ്യവസായത്തിന്റെ വികാസ പരിണാമ ചരിത്രത്തെ പ്രതിനിധാനം ചെയ്യുന്ന മ്യൂസിയം കയർ |

| | | | |
|---|---|---|---|
| | | | കോർപ്പറേഷൻ ബിൽഡിങ്ങിൽ ആണ് പ്രവൃത്തികൾ പുരോഗമിക്കുന്നത് 75% വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>**ലിവിംഗ് കയർ മ്യൂസിയം/ മ്യൂസിയം ഓഫ് ലേബർ മൂവ്മെന്റ്**<br><br>ഭരണാനുമതി തുക 9,95,94,000/- രൂപ.<br><br>ബോംബെ കമ്പനി മുൻപ് പ്രവർത്തിച്ചിരുന്ന ന്യൂ മോഡൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് കെട്ടിട സമുച്ചയത്തെ നവീകരിച്ച് ലിവിംഗ് കയർ മ്യൂസിയവും അതോടൊപ്പം ലേബർ മൂവ്മെന്റ് മ്യൂസിയവും സജ്ജമാവുകയാണ്. ട്രേഡ് യൂണിയനുകളുടെ രൂപീകരണവും ആവിർഭാവവും വളർച്ചയും പുന്നപ്ര വയലാർ സമരം തുടങ്ങിയവയും ഉൾക്കൊള്ളുന്നതാണ് വിവിധ ഗ്യാലറികൾ. ആർക്കൈവൽ രേഖകൾ കണ്ടെത്തി അന്താരാഷ്ട്ര നിലവാരത്തിൽ സംരക്ഷണം നൽകി മ്യൂസിയത്തെ കയർ ചരിത്രത്തെ സംബന്ധിച്ചുള്ള ഗവേഷണ കേന്ദ്രമാക്കി മാറ്റുകയാണ് ലക്ഷ്യം. മ്യൂസിയത്തിന്റെ ഭാഗമായുള്ള കെട്ടിടങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ 90% പൂർത്തീകരിച്ചു.<br><br>**റിപ്പയർ & മെയ്ന്റനൻസ് ഓഫ് ഷെഡ് ബി ആൻഡ് കാന്റീൻ ബ്ലോക്ക്** ഭരണാനുമതി തുക 3,29,87,000/- രൂപ<br><br>പ്രവൃത്തികൾ പ്രാരംഭ ഘട്ടത്തിലാണ്.<br><br>**സൈനേജ്**<br><br>ഭരണാനുമതി തുക 72,32,000/- രൂപ.<br><br>പദ്ധതി ആരംഭിച്ചിട്ടില്ല |
| (സി) | പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ഇനിയും എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തിയാക്കാൻ അവശേഷിക്കുന്നതെന്നും വിശദമാക്കാമോ; | (സി) | ആലപ്പുഴ പൈതൃക പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾ ഈ വർഷം അവസാനത്തോടുകൂടി പൂർത്തീകരിയ്ക്കുമെന്ന് പ്രതീക്ഷിയ്ക്കുന്നു. |
| (ഡി) | പൈതൃക പദ്ധതിയിൽ ഇപ്പോൾ ഉൾപ്പെടുത്തിയിട്ടുള്ള കേന്ദ്രങ്ങളുടെ സമീപമുള്ളതും ചരിത്ര പ്രാധാന്യം ഉള്ളതുമായ കേന്ദ്രങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്താതെ വിട്ടുപോയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സ്ഥലങ്ങൾ കൂടി ഉൾപ്പെടുത്തി പദ്ധതി വിപുലീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന വിശദാംശം നൽകുമോ? | (ഡി) | അമ്പലപ്പുഴ കരുമാടിക്കുട്ടൻ പ്രദേശം, കുഞ്ചൻ നമ്പ്യാർ സ്മാരകം തുടങ്ങിയ സ്ഥലങ്ങളുടെ ചരിത്ര പ്രാധാന്യം വിധേയമാക്കിക്കൊണ്ട് ആ പ്രദേശങ്ങൾ കൂടി ആലപ്പുഴ പൈതൃക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## മുസിരിസ് പൈതൃക പദ്ധതി

ടി പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച പദ്ധതികൾ

- ചേരമാൻ ജുമാമസ്ജിദ്
- മാള ജുമാമസ്ജിദ്
- കൊട്ടക്കാവ് ക്രിസ്ത്യൻ പള്ളി
- കീഴ്തളി ശിവ ക്ഷേത്രം
- ഐരാണിക്കുളം മഹാദേവ ക്ഷേത്രം
- ഹോളി ക്രോസ് പള്ളി
- ആറങ്കാവ് ക്ഷേത്രം
- ചേന്ദമംഗലം ഭഗവതി ക്ഷേത്രം
- ശ്രീകൃഷ്ണസ്വാമി ക്ഷേത്രം-പാലിയം
- കുന്നത്തുതളി മഹാദേവ ക്ഷേത്രം
- പുതിയതൃക്കോവ് ശിവക്ഷേത്രം
- ശ്രീമൂകാംബിക ക്ഷേത്രം-പറവൂർ
- ചെറിയ പള്ളി - ഗോതുരുത്ത്
- വലിയപള്ളി - ഗോതുരുത്ത്
- ഹോളി ക്രോസ് പള്ളി - ചേന്ദമംഗലം
- ശിവക്ഷേത്രം - ടി.കെ.എസ്. പുരം
- ശ്രീകൃഷ്ണ ക്ഷേത്രം - എസ്.എൻ. പുരം
- അയ്യപ്പക്ഷേത്രം - പടക്കുളം
- ശിവക്ഷേത്രം - ശൃംഗപുരം
- ശ്രീകൃഷ്ണ ക്ഷേത്രം - ശ്രീനാരായണപുരം
- മഹാദേവ ക്ഷേത്രം - തൃപ്പേക്കുളം

## ട്രാവൻകൂർ ഹെറിറ്റേജ് പദ്ധതി

ടി പദ്ധതിയിൽ ഉൾപ്പെടുത്തി വികസനവും നവീകരണവും നടത്തിവരുന്ന ആരാധനാലയങ്ങൾ - തലസ്ഥാന നഗരിയിലെ 30 പൈതൃക കെട്ടിടങ്ങളെ ഉൾപ്പെടുത്തി 5 സോണുകളിലായി 35.60 കോടി രൂപയ്ക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ഇതിൽ 27 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 3 കെട്ടിടങ്ങളുടെ എൻ.ഒ.സി. ലഭ്യമല്ലാത്തതിനാൽ പ്രവൃത്തികൾ നടന്നിരുന്നില്ല.

## തലശ്ശേരി ഹെറിറ്റേജ് പദ്ധതി

തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ 4 പദ്ധതികൾക്ക് 2017-ൽ ഭരണാനുമതി നൽകി. താഴെ പറയുന്നവയിൽ ആദ്യ മൂന്ന് പ്രവൃത്തികൾ പൂർത്തീകരിച്ചു

- കൺസർവേഷൻ ഓഫ് ഓൾഡ് ഫയർ ടാങ്ക് ആൻഡ് ഡെവലപ്മെന്റ് ഓഫ് പെർഫോമൻസ് സെന്റർ ഹെറിറ്റേജ് സ്ട്രീറ്റ് അറ്റ് താഴെ അങ്ങാടി
- കൺസർവേഷൻ ഓഫ് തലശ്ശേരി പിയർ & ഡെവലപ്മെന്റ് ഓഫ് ഫുഡ് സ്ട്രീറ്റ് & സ്കൾപ്ച്ചർ പാർക്ക്
- കൺസർവേഷൻ റീ യൂസ് ഓഫ് ഗുണ്ടർട്ട് ബംഗ്ലോ ആസ് ലാഗ്വേജ് മ്യൂസിയം, ജർമൻ സ്റ്റഡി സെന്റർ

തലശ്ശേരിപൈതൃക ടൂറിസം രണ്ടാം ഘട്ടപദ്ധതിയുടെ ഭാഗമായി കണ്ണൂർ വയനാട് ജില്ലകളിലായി 11 പദ്ധതികൾക്ക് 2019-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്.

**പദ്ധതി പൂർത്തീകരിച്ചവ**

- കൊട്ടിയൂർ ടെമ്പിൾ - ടൂറിസം സ്പിരിയൻസ് സ്ട്രീറ്റ്
- സെന്റ് ജോൺസ് ആംഗ്ലിക്കൻ ചർച്ച് - സ്ട്രീറ്റ് ഡെവലപ്പ്മെന്റ് & ലാൻഡ് സ്കേപ്പ് ഡിസൈൻ
- ഗുണ്ടർട്ട് ബംഗ്ലാവ് - ഡെവലപ്മെന്റ് ഓഫ് മ്യൂസിയം കമ്പോണന്റ്സ്
- തൊടീക്കളം ടെമ്പിൾ ഡെവലപ്മെന്റ് ഓഫ് മ്യൂസിയം - ഓഫ് മ്യൂറൽസ് വിത്ത് ടൂറിസം അമിനിറ്റീസ്
- മൃദംഗ ശൈലേശ്വരി ടെമ്പിൾ - ഡെവലപ്മെന്റ് ഓഫ് പഴശ്ശി മ്യൂസിയം & ഗ്യാലറി
- ഡെവലപ്മെന്റ് ഓഫ് മക്രേരി ടെമ്പിൾ - മ്യൂസിയം ഓഫ് മ്യൂസിക്
- വള്ളിയൂർകാവ് - വിപണന കേന്ദ്രത്തിന്റെയും പ്രദർശന ശാലയുടെയും വികസനം

**പദ്ധതി പുരോഗമിക്കുന്നവ**

- ജഗന്നാഥ ടെമ്പിൾ - മ്യൂസിയം ഓഫ് ആർട്ട് & സോഷ്യൽ റിഫോംസ്

കിഫ്ബി മുഖാന്തിരം തലശ്ശേരി പൈതൃക പദ്ധതിയിൽ ഉൾപ്പെടുത്തി വികസനവും നവീകരണവും നടത്തി വരുന്ന ആരാധനാലയങ്ങൾ

**ഫേസ് I**

പദ്ധതി പൂർത്തീകരിച്ചവ

- അണ്ടലൂർക്കാവ്
- കൊട്ടിയൂർ ശിവ ക്ഷേത്രം സ്ട്രീറ്റ്സ്കേപ്പ്
- മക്രേരി ക്ഷേത്രം (ടൂറിസ്റ്റ് അമിനിറ്റീസ് സ്ട്രീറ്റ്സ്കേപ്പ് )
- ജഗന്നാഥ ക്ഷേത്രം

പദ്ധതി പുരോഗമിക്കുന്നവ

- പിണ്ടലി കളരി ഹൗസ്
- ഇല്ലിക്കുന്ന് ചർച്ച്
- കൊട്ടിയൂർ ശിവ ക്ഷേത്രം
- തിരുവങ്ങാട് രാമസ്വാമി ക്ഷേത്രം
- കക്കുളങ്ങര പള്ളി

**ഫേസ് II**

പൂർത്തീകരിച്ചവ

- ശ്രീ ചിറക്കൽ കാവ് ഭഗവതി ക്ഷേത്രം

പദ്ധതി പുരോഗമിക്കുന്നവ

- പുരളി മല ക്ഷേത്രം
- ശ്രീ ഊർപ്പഴച്ചിക്കാവ് ക്ഷേത്രം
- ശ്രീ പെരളശ്ശേരി ക്ഷേത്രം
- കൊട്ടിയൂർ സൂര്യ നാരായണ ക്ഷേത്രം
- ശ്രീ തച്ചോളി മാണിക്കോത്ത് ക്ഷേത്രം

## ആലപ്പുഴ ഹെറിറ്റേജ് പദ്ധതി

കിഫ്ബി മുഖാന്തരം ആലപ്പുഴ പൈതൃക പദ്ധതിയിൽ ഉൾപ്പെടുത്തി വികസനവും നവീകരണവും നടത്തി വരുന്ന ആരാധനാലയങ്ങൾ

പൂർത്തീകരിച്ചവ

- കൺസർവേഷൻ ഓഫ് സൗക്കർ മസ്ജിദ്
- കൺസർവേഷൻ ഓഫ് മക്ക മസ്ജിദ്

പദ്ധതി പുരോഗമിക്കുന്നവ

- ബാലകൃഷ്ണ ക്ഷേത്രം

കൂടാതെ എറണാകുളം ജില്ലയിലെ "കൺസർവേഷൻ ഓഫ് കൂത്താട്ടുകുളം ശ്രീ മഹാദേവ ക്ഷേത്രം" എന്ന പദ്ധതിക്കും അനുമതി നൽകിയിരുന്നു.

**സെക്ഷൻ ഓഫീസർ**